# SVPM HS

## Vadakkumthala



## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025 - 2026

S.V.P.M. HIGH SCHOOL
VADAKKUMTHALA P.O.
KARUNAGAPPALLY
PANAYANNAR KAVU

M.A.ABDUL SHUKKOOR
PEN - 284127
HEADMASTER
SVPMHS, Vadakkumthala P.O.
Karunagappally

# S.V.P.M.H.S
# Vadakkumthala



Scanned with OKEN Scanner

# സർദാർ വല്ലഭായ് പട്ടേൽ മെമ്മോറിയൽ (SVPM) ഹൈസ്കൂൾ. വടക്കുംതല, കൊല്ലം 690536

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 41034 |
| റവന്യൂ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ഉപജില്ല | : | ചവറ |
| ഗ്രാമപഞ്ചായത്ത് | : | പന്മന |
| ഫോൺ നമ്പർ | : | 04762625414 |
| ഇ-മെയിൽ | : | 41034svpmhs@gmail.com |



Scanned with OKEN Scanner

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ മികവ്
3. അക്കാദമിക നേട്ടങ്ങൾ
4. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
5. ലക്ഷ്യങ്ങൾ
6. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
7. പ്രവർത്തന വിശദീകരണം
8. ഉപസംഹാരം




Scanned with OKEN Scanner

## ആമുഖം

ചവറ വിദ്യാഭ്യാസ ഉപജില്ലയിൽവടക്കുംതലവില്ലേജിൽ സ്ഥിതിചെയ്യുന്ന പുരാതനവും പ്രസിദ്ധവുമായ വിദ്യാലയമാണ് സർദാർ വല്ലഭായ് പട്ടേൽ മെമ്മോറിയൽ ഹൈസ്കൂൾ. 1953 ൽ യുപി തലത്തിൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയം 1964 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥികളിൽ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ ഉൾപ്പെടുന്ന വലിയ നിരതന്നെയുണ്ട്.

പനയന്നാർകാവ് ശ്രീ ഭഗവതി ക്ഷേത്ര സമിതിയാണ് ഈ എയ്ഡഡ് സ്കൂളിന്റെ ഭരണസമിതിയായി പ്രവർത്തിക്കുന്നത്.

തിരുവിതാംകൂറിന്റെ രാഷ്ട്രീയ ഭീഷ്മാചാര്യൻ യശശ്ശരീരനായ ശ്രീമാൻ കുമ്പളത്ത് ശങ്കുപ്പിള്ളയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ഭാരതത്തിന്റെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ നാമധേയമാണ് ഈ വിദ്യാലയത്തിന് നൽകിയിരിക്കുന്നത്.

യുപി, എച്ച് എസ് വിഭാഗങ്ങളിലായി 1324 കുട്ടികളും 53 അധ്യാപകരുമാണ് ഉള്ളത്. നവീകരിച്ച സ്കൂൾ കെട്ടിടങ്ങൾക്ക് പുറമേ 24 ക്ലാസ് മുറികളും ടോയ്ലറ്റുകളും അടങ്ങിയ ഹൈടെക് കെട്ടിടവും, IT ലാബ്, സയൻസ് ലാബ്, ലൈബ്രറി, വിശാലമായ ഓഡിറ്റോറിയം സ്പോർട്സ് ഗ്രൗണ്ട് എന്നിവ ഈ വിദ്യാലയത്തിന്റെ സവിശേഷതയാണ്. ഇതിനുപുറമേ കുട്ടികളുടെ യാത്രാസൗകര്യത്തിനായി സ്വന്തമായി മൂന്ന് ബസുകളുമുണ്ട്.

മാനേജ്മെന്റ്, പി.ടി.എ, എം.പി.ടി.എ, എന്നിവ സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും വളരെ സജീവമായി നിലകൊള്ളുന്നു.

പന്മന പഞ്ചായത്തിലെ ഏക എയ്ഡഡ് ഹൈസ്കൂളായ ഈ വിദ്യാലയത്തിൽ 1999 മുതൽ ഇംഗ്ലീഷ് മീഡിയ സമാന്തര ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റിൽ നിന്നും അനുമതി ലഭിക്കുകയും തുടർന്ന 5 മുതൽ 10 വരെ മലയാളം മീഡിയത്തിനോടൊപ്പം ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും നടന്നുവരുന്നു. ഒന്നാംഭാഷയായ മലയാളത്തിന് പുറമേ യു പി, എച്ച് എസ് വിഭാഗത്തിൽ അറബിക്, സംസ്കൃതം എന്നീഭാഷകളും പഠിപ്പിക്കുന്നു.

എസ്.എസ്.എൽ.സി പരീക്ഷയിൽ വർഷങ്ങളായി നേടികൊണ്ടിരിക്കുന്ന തിളക്കമാർന്ന വിജയവും ചവറ ഉപജില്ലയിൽ എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർധനവും ഈ വിദ്യാലയത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കാട്ടുന്നു.

2024-25 അധ്യായന വർഷത്തിൽ എസ്. എസ്. എൽ. സി പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളെയും ഉപരിപഠനത്തിന് അർഹരാക്കി 100%വിജയം നേടുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.

NMMS, USS സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം സ്കൂളിൽ നൽകുന്നത് വഴി കൂടുതൽ കുട്ടികൾക്ക് മികവാർന്ന വിജയം നേടുവാൻ സഹായിക്കുന്നു.

ഭാവിയിലെ മത്സരപരീക്ഷകളിൽ മികച്ച പ്രകടനം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ദൈനംദിന പൊതുവിജ്ഞാന സമ്പാദന പരിപാടി എന്ന പേരിൽ പൊതുവിജ്ഞാന പരിപാടിയും വിദ്യാലയത്തിൽ കഴിഞ്ഞ 5



Scanned with OKEN Scanner

വർഷക്കാലമായി നടത്തിവരുന്നു. പൊതുവിജ്ഞാന ക്ലാസിന്റെ നേതൃത്വത്തിൽ നടക്കുന്ന OMR പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളുടെ ആത്മവിശ്വാസം, ആശയവിനിമയശേഷി എന്നിവ വർദ്ധിപ്പിക്കാനും സഭാകമ്പം (Stage Fear) അകറ്റാനും ഉദകുന്ന തരത്തിലുള്ള പ്രതിമാസ പ്രസംഗ പരിശീലന ശിൽപശാലയും 2025-2026 അധ്യായന വർഷത്തിൽ ആരംഭിച്ചു.

കലോത്സവങ്ങളിലും ശാസ്ത്ര ഗണിത സാമൂഹിക ശാസ്ത്ര പ്രവർത്തിപരിചയമേളകളിലും മികവാർന്ന വിജയം കാഴ്ചവെക്കുന്നു.

എൻ.സി.സി, എയർ, നേവൽ വിംഗിന്റെ ഓരോ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്കൗട്ട്, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ് എന്നിവയും വളരെ ഭംഗിയായി പ്രവർത്തിക്കുന്നു.

സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് പി.റ്റി.എ യുടെയും പൂർവ വിദ്യാർത്ഥികളുടെയും സഹായത്തോടെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള എല്ലാ പിന്തുണയും നൽകുന്നു.

ലഹരി വിരുദ്ധ ക്ലബ്ബ്, ടീൻസ് ക്ലബ്ബ്, ഡയറി ക്ലബ്ബ്, ശുചിത്വ മിഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകളും തുടർ പ്രവർത്തനങ്ങളും നടത്തിവരുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ സ്കൂളിലെ ജീവനക്കാരുടെ സഹായത്തോടെ ഈ വർഷം മുതൽ പഠന കിറ്റ് വിതരണം ചെയ്തു. അതിനോടൊപ്പം തന്നെ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ ഉപയോഗശൂന്യമായി ഇരിക്കുന്ന സൈക്കിളുകൾ കണ്ടെത്തി ഉപയോഗ യോഗ്യമാക്കി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്ക് നൽകികൊണ്ട് വിദ്യാലയത്തിൽ എത്താൻ ഒരു സൈക്കിൾ എന്ന അവരുടെ സ്വപ്നത്തിന് ഒപ്പം ചേരാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.



Scanned with OKEN Scanner

## വിദ്യാർത്ഥികളുടെ സ്ഥിതി വിവരങ്ങൾ
### 2025-2026

| | Malayalam | | | English | | | All | | |
|---|---|---|---|---|---|---|---|---|---|
| STD | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 5 | 10 | 14 | 24 | 54 | 63 | 117 | 64 | 77 | 141 |
| 6 | 12 | 25 | 37 | 73 | 70 | 143 | 85 | 95 | 180 |
| 7 | 15 | 11 | 26 | 66 | 92 | 158 | 81 | 103 | 184 |
| 8 | 26 | 21 | 47 | 107 | 123 | 230 | 133 | 144 | 277 |
| 9 | 25 | 22 | 47 | 112 | 103 | 215 | 137 | 125 | 262 |
| 10 | 34 | 18 | 52 | 121 | 107 | 228 | 155 | 125 | 280 |
| Total | 122 | 111 | 233 | 533 | 558 | 1091 | 655 | 669 | 1324 |



Scanned with OKEN Scanner

# ജീവനക്കാരുടെ എണ്ണം

അധ്യാപകർ

| | | |
|---|---|---|
| UPST | - | 15 |
| UPസംസ്കൃതം | - | 1 |
| UPഅറബിക് | - | 1 |
| UPകലാപഠനം | - | 1 |
| UPഹിന്ദി | - | 2 |
| HST കോർവിഷയങ്ങൾ | - | 21 |
| HST മലയാളം | - | 5 |
| HST ഹിന്ദി | - | 3 |
| HST അറബിക് | - | 1 |
| HST കായിക പഠനം | - | 1 |
| HST പ്രവൃത്തിപരിചയം | - | 1 |
| ആകെ അധ്യാപകർ (HMഉൾപ്പെടെ) | - | 53 |

| | | |
|---|---|---|
| അനധ്യാപകർ | - | |
| ക്ലർക്ക് | - | 1 |
| പ്യൂൺ | - | 2 |
| FTM | - | 2 |
| ആകെ | - | 5 |



Scanned with OKEN Scanner

## വിദ്യാലയ മികവ് 2024–2025
## എസ് എസ് എൽ സി റിസൽട്ട്

| വർഷം | കുട്ടികളുടെ എണ്ണം | ഫുൾ എപ്ലസ് | എസ് എസ് എൽ സി റിസൽട്ട് (%) |
|---|---|---|---|
| 2024– 2025 | 275 | 53 | 100 % |

### സ്കോളർഷിപ്പ്

| വർഷം | സംസ്കൃതം | NMMS | USS |
|---|---|---|---|
| 2024– 2025 | 11 | 2 | 14 |



Scanned with OKEN Scanner

## അക്കാദമിക നേട്ടങ്ങൾ

- 2024- 25 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 53 കുട്ടികൾക്ക് ഫുൾ എ പ്ലസും 100% വിജയവും കൈവരിക്കാൻ സാധിച്ചു. NMMS 2 കുട്ടികൾക്കും USS 14 കുട്ടികൾക്കും സംസ്കൃതം സ്കോളർഷിപ്പും നേടാൻ സാധിച്ചു.
- NCC, Air and Naval wing, Scout, JRC, Little Kites തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കുവാൻ കഴിയുന്നു.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുന്നു.
- പാഠ്യേതര പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ക്വിസ് മത്സരങ്ങൾ, ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹിക ശാസ്ത്ര പ്രവർത്തി പരിചയ മേളകൾ സാഹിത്യ മത്സരങ്ങൾ പൊതുവിജ്ഞാന പരീക്ഷകൾ, തുടങ്ങിയവയ്ക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു.
- കലാകായിക മേഖലകളിൽ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.
- എല്ലാ കുട്ടികൾക്കും മോട്ടിവേഷൻ ക്ലാസ്സുകളും കൗൺസിലിംഗ് ക്ലാസ്സുകളും നൽകുന്നു.
- ടീൻസ് ക്ലബ്ബ്, ഡയറി ക്ലബ്ബ്, ശുചിത്വ മിഷൻ, തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ ക്ലാസ്സുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.



Scanned with OKEN Scanner

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിച്ച് സമഗ്രവികസനം സാധ്യമാക്കി തനിക്കും കുടുംബത്തിനും സമൂഹത്തിനും മുതൽക്കൂട്ടാകും വിധം കുട്ടികളെ പ്രാപ്തരാക്കുന്ന ഒരിടമായി വിദ്യാലയം മാറണം.
- പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ തലങ്ങളിലും ഉൾപ്പെടുന്ന കുട്ടികളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം കാഴ്ചവെക്കും.
- ഹൈടെക് ക്ലാസ്സ് മുറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ വർഷത്തെയും പോലെ കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.
- മദ്യത്തിനും മയക്കുമരുന്നിനും എതിരായ മനോഭാവം കുട്ടികളിൽ വളർത്താൻ വേണ്ട നടപടികൾ സ്വീകരിക്കും.
- പ്ലാസ്റ്റിക് വിമുക്ത ക്യാംപസ് എന്ന ലക്ഷ്യത്തിനായി ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
- കലാ കായിക പ്രവർത്തി പരിചയ മേളകൾക്ക് ഊന്നൽ നൽകും.
- കുട്ടികൾക്ക് മൂന്നു ഭാഷകളും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) അനായാസമായി കൈകാര്യം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കും.
- ജനകീയ പിന്തുണയോടുകൂടി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി പൊതു സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കും.



Scanned with OKEN Scanner

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനം
## ലക്ഷ്യങ്ങൾ

- 5-ാം ക്ലാസ് മുതൽ 10 -ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗാത്മകവും കലാകായിക പരവുമായ കഴിവുകൾ പരിപോഷിപ്പിക്കും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി ഉറപ്പാക്കുക.
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക.
- പ്ലാസ്റ്റിക് മുക്ത, ലഹരി മുക്ത, ക്യാമ്പസ് സൃഷ്ടിക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഒരുക്കുക.
- പത്രവായന പ്രോത്സാഹിപ്പിക്കുക.
- PSC, UPSC ഉൾപ്പെടെ നടത്തുന്ന മത്സര പരീക്ഷകളിൽ മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.
- എൻ.സി.സിയുടെ നേവൽ വിംഗ്, എയർ വിംഗ്, സ്കൗട്ട് ജെ.ആർ.സി എന്നീ സന്നദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സാമൂഹിക സേവന പ്രവർത്തനങ്ങൾ ഉറപ്പാക്കും.
- ഭാഷാശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് പഠനം അനായാസമാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- അർഹരായ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പുകൾ ലഭ്യമാക്കുക.
- സ്കൂൾ കെട്ടിടവും പരിസരവും ശുചിമുറികളും വൃത്തിയായി സൂക്ഷിക്കുക.
- NMMS, USS സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- മെഡിക്കൽ ക്യാമ്പുകൾ, നേത്ര പരിശോധന, രക്ത പരിശോധന ക്യാമ്പുകൾ തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുക.
- ക്ലാസ് പിടിഎ കാര്യക്ഷമമാക്കുക.



Scanned with OKEN Scanner

- പഠന വിനോദയാത്രകൾ നടത്തുക.
- ഐടി പഠനം കാര്യക്ഷമമാക്കുക.
- ചിത്ര രചനാ മത്സരങ്ങൾ സമയബന്ധിതമായി നടത്തുക.
- പഠന വിലയിരുത്തലുകൾ സമയബന്ധിതമായി നടപ്പാക്കുക.
- സൂംബ ഡാൻസിന് ആവശ്യമായ പരിശീലനം കുട്ടികൾക്ക് നൽകാൻ തീരുമാനിച്ചു.



Scanned with OKEN Scanner

## പ്രവർത്തന വിശദാംശങ്ങൾ

### മലയാളം

### പ്രവർത്തനം ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാകുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം/ഒരു വർഷക്കാലം | മലയാള അധ്യാപകർ |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>2. ലൈബ്രറിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ<br>3. വായനോത്സവം<br>4. പത്രവായന | ആഴ്ചയിൽ 1<br>ദിവസവും | |
| 3. പത്രവായന പരിപോഷിപ്പിക്കൽ | 1. പത്രവായന-പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>2. ഒരു ക്ലാസ്സിന് ഒരു പത്രം | | |
| 4. സർഗശേഷി വികസനം | സാഹിത്യക്വിസ്, കഥ, കവിത, ഉപന്യാസ രചന, കവിതാലാപന മത്സരം | മാസം 1 | |



Scanned with OKEN Scanner

## ഇംഗ്ലീഷ് ഭാഷാ പഠനം

### പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ | എല്ലാ ക്ലാസ്സും | ഇംഗ്ലീഷ് അധ്യാപകർ |
| 2. ഇംഗ്ലീഷ് ഭാഷയിൽ സർഗശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത, ഉപന്യാസ രചന മത്സരം സംഘടിപ്പിക്കൽ | ഒരുമാസം ഒരു ദിവസം | |
| 3. വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്സ് | ആഴ്ചയിൽ ഒരു ദിവസം | |
| 4. വായന പരിപോഷിപ്പിക്കൽ | ക്ലാസ് റൂം പഠനത്തോടൊപ്പം ഗ്രൂപ്പ് റീഡിങ്, വ്യക്തിഗത വായന | ദിവസവും | |



Scanned with OKEN Scanner

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പാക്കുക | 1. ഹിന്ദി അക്ഷരം ഉറപ്പിക്കൽ<br>2. ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക<br>3. ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>4. ദിനാചരണത്തിന്റെ ഭാഗമായി അസംബ്ലി നടത്തുക. | 1 വർഷം | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷയിൽ സർഗശേഷി വികസനം | 1. കുട്ടികളെ കൊണ്ട് ചെറുവിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>2. ഹിന്ദി പ്രസംഗം, കവിതാലാപനം, കഥ, കവിത രചന ഇവ പരിപോഷിപ്പിക്കുക<br>3. എല്ലാകുട്ടികളിലേയും കഴിവുകൾ ഏകോപിപ്പിച്ച് മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുക. | എല്ലാ മാസവും<br><br>മാസം 1<br>വർഷം 1 | |



Scanned with OKEN Scanner

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം.<br>2. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം, സർവ്വേ, അഭിമുഖം, നിരീക്ഷണം. | മാസം 1<br>വർഷം 1<br>വർഷം 1 | സയൻസ് അധ്യാപകർ |
| 2. ശാസ്ത്രമേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ | 1. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷം 1 | |
| 3. ദിനാചരണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ | 1. ശാസ്ത്രവുമായി ബന്ധപ്പെട്ടുവരുന്ന ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തൽ<br>2. പ്രത്യേക അസംബ്ലി, ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം, ഉപന്യാസ രചന മത്സരം തുടങ്ങിയവ | | |
| 4. സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ | 1. ചുമതലകൾ കുട്ടികളെ ഏൽപ്പിച്ച് നേതൃപാടവം വളർത്തൽ<br>2. ദിനാചരണങ്ങൾ<br>3. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | | |



Scanned with OKEN Scanner

| | | | |
|---|---|---|---|
| | സംഘടിപ്പിക്കൽ | | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ സ്കൂൾ ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് വിതരണം ചെയ്യൽ | മാസം 1 | S S അധ്യാപകർ |
| സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ, പ്രാദേശിക ദേശീയ രംഗങ്ങളിൽ സാമാന്യ ധാരണ നേടൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ ദിനാചരണങ്ങൾ അറ്റ്ലസ്, ഗ്ലോബ്, മാപ്പുകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കൽ | | |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | ഭരണഘടന അനുച്ഛേദം 14എ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക. കുട്ടികൾ അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുക. | വർഷം 1 | |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | |



Scanned with OKEN Scanner

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ<br>ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | കുട്ടികൾക്ക് ഗണിതാശങ്ങൾ ലളിതമായി അവതരിപ്പിക്കൽ<br>വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br>ക്ലാസ്സിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തൽ | | ഗണിത അധ്യാപകർ |
| ഗണിത ക്ലബ്ബ് രൂപീകരിക്കൽ | ഗണിതത്തിൽ സമർഥരായ കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ<br>മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകൽ | | |
| ഗണിത പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കൽ | സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ<br>ഗണിത ക്വിസ് സംഘടിപ്പിക്കൽ | | |



Scanned with OKEN Scanner

## പ്രവർത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ<br>വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ<br>മേളകളിൽ മികച്ച പ്രകടനം | | Work Experience അധ്യാപിക |

## കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗവാസന കണ്ടെത്തി പരിപോഷിപ്പിക്കുക<br>സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനം നൽകൽ | | |

## കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ<br>ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം, തുടങ്ങിയമാർഗങ്ങളിലൂടെ കൗൺസിലിംഗ് ഫലപ്രദമാക്കൽ | കൗൺസിലിംഗ് ആവശ്യമുള്ളപ്പോൾ<br>വർഷന്തോറും (ജൂൺ മുതൽ) | കൗൺസിലിങ്ങ് ടീച്ചർ |



Scanned with OKEN Scanner

## കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ കായിക ശേഷി വർദ്ധിപ്പിച്ച് മികവ് വിലയിരുത്തൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് പരിശീലനം നൽകി കൂടുതൽ മികവിലേക്ക് എത്തിക്കുക.<br>കായികമേളകളിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കുക | എല്ലാ ദിവസവും | കായിക അധ്യാപകൻ |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിച്ച് അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG |

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾ ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | വർഷം 1 തവണ | |

## ദൈനംദിന പൊതുവിജ്ഞാന സമ്പാദന പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാവിയിലെ മത്സര പരീക്ഷകളിൽ മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | ക്ലാസ് വാട്സാപ്പ് ഗ്രൂപ്പുകൾ വഴി ദിവസേന പൊതുവിജ്ഞാന ചോദ്യങ്ങൾ നൽകി ആ ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തി OMR പരീക്ഷ സംഘടിപ്പിക്കുക | 1 വർഷം | G K ക്ലബ്ബ് |



Scanned with OKEN Scanner

## അക്കാദമികം - സാമൂഹികം

### CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| CPTA ശക്തിപ്പെടുത്തി രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ<br>കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ, പഠന വിടവുകൾ എന്നിവയുടെ അവതരണം CPTA –യിൽ |

### പ്രാദേശിക പി.ടി.എ

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| പ്രാദേശിക പിടിഎ രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തലും | സ്കൂളിൽ നടക്കുന്ന എല്ലാ പ്രധാന പ്രവർത്തനങ്ങളിലും പിടിഎ വളരെ സജീവമായി പ്രവർത്തിക്കുന്നു. |



Scanned with OKEN Scanner

## ഉപസംഹാരം

വടക്കുംതല 2025-26 അക്കാദമിക വർഷത്തിലെ മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തികളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കുവാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങൾക്ക് സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ പ്രിയ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും മറ്റ് അഭ്യുദയകാംഷികളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കുമെന്ന വിശ്വാസത്തോടെ

S.V.P.M. HIGH SCHOOL VADAKKUMTHALA P.O. KARUNAGAPPALLY PANAYANNAR KAVU

M.A. ABDUL SHUKKOOR PEN - 284127 HEADMASTER SVPM ... Karunagappally

എം. എ അബ്ദുൾ ഷുക്കൂർ

എച്ച്. എം,

എസ്.വി.പി.എം എച്ച്.എസ്, വടക്കുംതല



Scanned with OKEN Scanner